ഉത്തരം

(എ)&(ബി) ശ്രീ. ടി. എസ്. തിരുമുമ്പിന്റെ ഭവനം കേരളത്തിന്റെ പൈതൃകമായ കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള ഗവേഷണം നടത്തുന്ന ഒരു 'കാർഷിക സംസ്കാരിക കേന്ദ്രമായി ' ഉയർത്തുവാനുള്ള നിർദ്ദേശം സർവ്വകലാശാലയുടെ ജനറൽ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ഈ ആശയം പ്രാവർത്തികമാക്കുന്നതിനുവേണ്ടി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് അഞ്ചു ലക്ഷം രൂപ ഈ വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ഈ സാമ്പത്തികവർഷത്തിൽ തന്നെ ഈ കേന്ദ്രം സന്ദർശകർക്ക് തുറന്നുകൊടുക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ സമയം കഴിഞ്ഞു)

9.30 A.M.

മി. സ്പീക്കർ : ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് കിട്ടിയിട്ടുണ്ട്. അത് ആദ്യത്തെ സബ്മിഷനായി അനുവദിക്കാം.

II. സ്പീക്കറുടെ അറിയിപ്പ്

സൈനിക സഹായ നിധിയിലേയ്ക്കുള്ള നിയമസഭാംഗങ്ങളുടെ സംഭാവന

മി. സ്പീക്കർ : 21.6.1999-ന് സഭ ആരംഭിച്ച ദിവസം കാർഗിൽ പ്രശ്നവുമായി ബന്ധപ്പെട്ട് വീരമൃത്യു വരിച്ച ജവാൻമാർക്ക് ആദരാഞ്ജലി അർപ്പിക്കുകയും കാർഗിലിൽ ധീരമായി പോരാടുന്ന ഇൻഡ്യൻ ജവാൻമാരോട് ഈ സഭ ഐക്യദാർഢ്യം പ്രകടിപ്പിക്കുകയുമുണ്ടായി. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഇവിടെ സൂചിപ്പിച്ച ഒരു കാര്യം നിയമസഭാ സാമാജികർ ഒരു ദിവസത്തെ വേതനം സൈനിക സഹായ നിധിയിലേയ്ക്ക് സംഭാവനയായി നൽകണമെന്നാണ്. നിയമസഭാ സാമാജികരുടെ ഒരു ദിവസത്തെ വേതനം എന്നു പറയുമ്പോൾ ഒരു തുച്ഛമായ സംഖ്യയാണ് വരുന്നത് എന്നതു പരിഗണിച്ച് നിയമസഭാ സാമാജികരുടെ ഒരു മാസത്തെ ഫിക്സഡ് അലവൻസായ 300 രൂപ വീതം സൈനീക സഹായനിധിയിലേയ്ക്ക് നൽകാമെന്നുള്ള ഒരു പൊതുധാരണയിൽ എത്തിയിട്ടുണ്ട്. അത് അംഗീകരിക്കാം. അടുത്ത ഐറ്റം ശ്രദ്ധക്ഷണിക്കൽ

III. ശ്രദ്ധക്ഷണിക്കൽ

(1) ചേർത്തല-ആലുവ നാലുവരിപ്പാത അങ്കമാലി വരെ നീട്ടേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. മുഹമ്മദാലി : സർ, നെടുമ്പാശ്ശേരി വിമാനത്താവളം തുറന്നതോടുകൂടി കൊച്ചി ഭാഗത്തേയ്ക്കും മറ്റ് പ്രദേശങ്ങളിലേയ്ക്കുമുള്ള ഗതാഗത പ്രശ്നം ഗുരുതരമായിരിക്കുന്നത് ബഹുമാനപ്പെട്ട ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ കാളിംഗ് അറ്റെൻഷൻ ഉന്നയിക്കുന്നത്. ഈ വിമാനത്താവളം തുറക്കുന്നത് മുന്നിൽ കണ്ടുകൊണ്ട് കഴിയുന്ന നിലയിൽ കേന്ദ്രഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തി ദേശീയ പാതകളുടെ വികസനത്തിന് അനുമതി വാങ്ങുന്നതിന് ഗവണ്മെന്റിന് വീഴ്ചയുണ്ടായിട്ടുണ്ട് എന്നുള്ള കാര്യം ഈ സന്ദർഭത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. ദേശീയപാത 47 ന്റെ

LIBRARY ARCHIVES Kerala Legislative Assembly

വികസനം, ദേശീയ പാത 17 ന്റെ വികസനം ഇതുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് അനുമതി നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ആലുവ, തൃശൂർ ദേശീയ പാത 4 വരിയാക്കുക എന്നുള്ള നിർദ്ദേശം നേരത്തെ ഉണ്ടായിരുന്നതാണ്. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഈ എയർപോർട്ടിനുകൂടി പ്രയോജനകരമാകുന്ന നിലയിൽ അത് അങ്കമാലി വരെ നീട്ടുവാൻ വാർഷിക പദ്ധതിയിൽ 46 കോടി രൂപയും നീക്കിവച്ചിരുന്നു. കേന്ദ്ര ഗവണ്മെന്റിൽ നിന്നും യഥാസമയം അതിന് സാമ്പത്തിക അനുമതിയും മറ്റ് അനുമതികളും വാങ്ങിയെടുക്കാൻ കഴിയാതെ പോയതിനാൽ കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ആ പ്രവൃത്തി ഏറ്റെടുക്കാൻ നമുക്ക് സാധിച്ചില്ല. അതുപോലെതന്നെ വളരെ നാളുകളായി നടത്തിയ പരിശ്രമഫലമായി മാർത്താണ്ഡവർമ്മ പാലത്തിനു സമാന്തരമായുള്ള പാലത്തിന് ഇപ്പോൾ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽപ്പോലും അതിന് ടെണ്ടർ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടില്ല. ഏറ്റവും കൂടുതൽ ഗതാഗത കുരുക്ക് ഉണ്ടാകുന്ന ഒരു മേഖലയാണ് അത്. വാരാപ്പുഴ പാലത്തിന്റെ നിർമ്മാണം ഇന്ന് പുരോഗമിച്ചുവരുന്നു. പക്ഷെ പാലം പൂർത്തിയായാലും ഇടപ്പള്ളി ഭാഗത്ത് റോഡ് ഉണ്ടാക്കാൻ വേണ്ടി അലൈന്റ്മെന്റ് നിശ്ചയിക്കുകയോ അല്ലെങ്കിൽ അതിനുവേണ്ടി ഭൂമി പൊന്നും വിലയ്ക്ക് എടുക്കാനുള്ള നടപടികൾ ആരംഭിക്കുകയോ ചെയ്യാൻ നമുക്ക് കഴിയാതെ പോയിരിക്കുന്നു. ഇപ്പോൾ എല്ലാ മേഖലകളിലും സർവ്വീസ് നടത്തുന്ന വളരെ പ്രധാനപ്പെട്ട ഒരു വിമാനത്താവളമായി മാറിയിരിക്കുന്ന സന്ദർഭത്തിൽ ആ വിമാനത്താവളവുമായി ബന്ധപ്പെട്ട് പോകുന്ന ദേശീയ പാതകളുടെ വികസനം കൂടുതൽ പരിഗണനയോടുകൂടി, മുൻഗണനയോടുകൂടി ഏറ്റെടുത്ത്, അത് കേന്ദ്ര ഗവണ്മെന്റിൽ നിന്നും യഥാസമയം അനുമതി വാങ്ങിയെടുക്കുക എന്നുള്ളത് നമ്മളെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ള കാര്യമാണ്. ഇപ്പോൾ എക്സ്പ്രസ് ഹൈവേ നമുക്കു നൽകുന്നില്ല എന്നുള്ള പരാതിയുണ്ടായി. അതിനെത്തുടർന്ന് കഴിഞ്ഞ ദിവസം കേന്ദ്ര ഗവണ്മെന്റ് സേലം-കൊച്ചി റോഡ് ദേശീയ പാത എക്സ്പ്രസ് ഹൈവേ ആക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഇത് വളരെ പ്രധാനപ്പെട്ട റോഡാണ്. കൊച്ചി തുറമുഖത്തിനും അതുപോലെ തന്നെ നമ്മുടെ ഈ വിമാനത്താവള പദ്ധതിക്കുമൊക്കെ വളരെ പ്രയോജനപ്പെടുന്ന ഈ റോഡ് എക്സ്പ്രസ് ഹൈവേയാക്കുന്നത് വളരെ പ്രയോജനകരമാണ്. ആ എക്സ്പ്രസ് ഹൈവേ നിശ്ചിത സമയത്ത് ആരംഭിക്കാൻ കഴിയുന്ന നിലയിൽ അതിനാവശ്യമായ ഭൂമി ഏറ്റെടുക്കാനും മറ്റ് നടപടി സ്വീകരിക്കാനും സംസ്ഥാന ഗവണ്മെന്റ് വളരെ താൽപ്പര്യം എടുത്തെങ്കിൽ മാത്രമേ ഇതിന്റെ പ്രയോജനം സമീപകാലത്ത് നമുക്ക് ഉണ്ടാക്കാൻ കഴിയൂ. ഈ ദേശീയ പാതകളുടെ വികസനത്തിന്റെ കാര്യത്തിൽ മറ്റ് സംസ്ഥാന ഗവണ്മെന്റുകളെ സംബന്ധിച്ചിടത്തോളം കേന്ദ്രത്തിൽ സ്വാധീനം ചെലുത്തി യഥാസമയം അതിന് അനുമതി വാങ്ങിയെടുക്കുന്ന കാര്യത്തിൽ വളരെ താൽപ്പര്യം കാണിക്കുന്നുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം ആന്ധ്രാ-തമിഴ്നാട് സംസ്ഥാനങ്ങൾ വളരെയേറെ പദ്ധതികൾക്ക് അനുമതി വാങ്ങിയെടുക്കുമ്പോൾ നമ്മുടെ സംസ്ഥാനം നൽകിയ ചുരുങ്ങിയ പദ്ധതികൾ പോലും സാമ്പത്തിക അനുമതി ലഭ്യമാകാതെ കാത്തുകിടക്കുന്ന സ്ഥിതി വളരെ ഗുരുതരമാണ് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വിമാനത്താവളവുമായി ബന്ധപ്പെട്ട പ്രശ്നത്തിനു മാത്രമല്ല, ദേശീയ പാതയുടെ മൊത്തത്തിലുള്ള വികസനത്തിന് ഗവണ്മെന്റ് വളരെ താൽപ്പര്യമെടുക്കണം. നമ്മുടെ സംസ്ഥാനത്തിന് ലഭിക്കേണ്ട അർഹമായ വിഹിതം ലഭിക്കുന്ന കാര്യത്തിൽ വളരെ താൽപ്പര്യമെടുത്തുവെങ്കിൽ മാത്രമേ, നിരന്തരമായ തുടർനടപ

LIBRARY ARCHIVES Kerala Legislative Assembly

ടികൾ ഉണ്ടായെങ്കിൽ മാത്രമേ, അത് നമുക്ക് നേടിയെടുക്കാൻ കഴിയൂ. അങ്കമാലി വരെയുള്ള ഈ 4 നിര റോഡിന്റെ പ്രവർത്തനം അടിയന്തിരമായി നമുക്ക് ഏറ്റെടുക്കാൻ കഴിയണം. അതിനുള്ള സാമ്പത്തിക അനുമതി ഉടനെ കേന്ദ്ര ഗവണ്മെന്റിൽ നിന്ന് വാങ്ങിയെടുക്കണം. അതുപോലെ തന്നെ മാർത്താണ്ഡവർമ്മ പാലത്തിന്റെ സമാന്തര പാലത്തിന്റെ നിർമ്മാണം ചുരുങ്ങിയ കാലത്തിനകത്ത് പൂർത്തീകരിക്കാൻ കഴിയുന്ന കാര്യങ്ങൾ ആലോചിക്കണം. വരാപ്പുഴ പാലം പൂർത്തിയാക്കുന്നതിനു മുൻപുതന്നെ ഇടപ്പള്ളി ഭാഗത്തേയ്ക്കുള്ള റോഡ് ഉണ്ടാക്കാൻ വേണ്ടിയുള്ള കാര്യങ്ങളും ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, നെടുമ്പാശ്ശേരി വിമാനത്താവളവുമായി ബന്ധപ്പെടുത്തി ആലുവ മുതൽ അങ്കമാലി വരെയുള്ള നാലുവരിപ്പാതയുടെ വികസനം ത്വരിതപ്പെടുത്തുന്നതിന്റെ പേരിലാണ് ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധക്ഷണിച്ചിട്ടുള്ളത്. ദേശീയ പാതകളുടെ മൊത്തത്തിലുള്ള വികസനം നേരിട്ട് കേന്ദ്ര ഗവണ്മെന്റ് ഏറ്റെടുക്കുന്നില്ല. അത് ബി.ഒ.റ്റി. ആക്കണം. മറ്റ് പ്രോജക്ടുകൾ വഴി വരണം എന്നുള്ള നിലപാട് സ്വീകരിച്ചിരുന്ന ഒരു സന്ദർഭത്തിൽ മധുദന്തവതെ പ്ലാനിംഗ് കമ്മിഷൻ ഡെപ്യൂട്ടി ചെയർമാൻ ആയിരിക്കുമ്പോൾ ആലുവ മുതൽ തൃശൂർ വരെയും കൊല്ലം മുതൽ കോവളം വരേയുമുള്ള റോഡുകൾ നാലുവരിപ്പാതയാക്കണം. കേന്ദ്ര ഗവണ്മെന്റുതന്നെ നേരിട്ട് അത് ചെയ്യണം എന്നുള്ള ആവശ്യം ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉന്നയിച്ചതാണ്. ആ അടിസ്ഥാനത്തിലാണ് ആദ്യപടിയായി ആലുവ-തൃശൂർ നാലുവരിപ്പാതയാക്കാമെന്ന് സമ്മതിക്കുകയും ആലുവ മുതൽ അങ്കമാലി വരെയുള്ള 15 കിലോ മീറ്റർ നാലുവരിപ്പാതയാക്കാൻ ബഡ്ജറ്റിൽ പണം ഉൾക്കൊള്ളിക്കുകയും ചെയ്തത്. എന്നാൽ ഇതിനുള്ള അനന്തരനടപടികളുടെ ഭാഗമായി അവിടെ ലാന്റ് അക്വയർ ചെയ്യണമെങ്കിൽ കേന്ദ്ര ഗവണ്മെന്റിന്റെ അനുവാദം വേണം. വിദഗ്ദ്ധ സർവേയുടെ അടിസ്ഥാനത്തിൽ വേണം അതു ചെയ്യാൻ. ഇവിടെ നിന്ന് ഏതെങ്കിലും ഭാഗം അക്വയർ ചെയ്യണമെന്നു പറഞ്ഞാൽ അവർ അംഗീകരിക്കുകയില്ല. സർവേയും ഇൻവെസ്റ്റിഗേഷനും നടത്തിയ റിപ്പോർട്ട്, എസ്റ്റിമേറ്റ് മുതലായവ സമർപ്പിക്കുന്നതിന് അഹമ്മദാബാദിലെ Shealadi Associates and Consultants എന്ന കമ്പനിയെ ഏൽപ്പിച്ചു. മേൽപ്പറഞ്ഞ കൺസൾട്ടൻസി ആലുവ മുതൽ അങ്കമാലി വരെ സ്ഥലമെടുപ്പിന് 6.3 കോടി രൂപ വരുന്ന എസ്റ്റിമേറ്റ് 1.3.1999-ൽ കൊടുത്തു. ഇവയുടെ സ്റ്റഡി നടത്തി റിപ്പോർട്ടു വരാൻ ഇത്രയും സമയമെടുത്തു. അതല്ലാതെ സംസ്ഥാന ഗവണ്മെന്റിന് നേരെ റിപ്പോർട്ട് അവിടെ സമർപ്പിക്കാൻ കഴിയുകയില്ല. അതുപോലെ ഈ ഭാഗത്തെ റോഡു നിർമ്മാണത്തിനുവേണ്ടി 40.16 കോടി രൂപയുടെ എസ്റ്റിമേറ്റും കേന്ദ്രഗവണ്മെന്റിൽ സമർപ്പിച്ചിരിക്കുകയാണ്. ഈ രണ്ടു നിർദ്ദേശങ്ങളുടെയും അനുമതി ഏറ്റവും വേഗം ലഭിക്കണമെന്ന് പലവട്ടം അവരുമായി ചർച്ച ചെയ്തതാണ്. ഇനിയിപ്പോൾ ഏറ്റവും വേഗം അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുപോലെ ആലുവ മുതൽ മാർത്താണ്ഡവർമ്മ പാലത്തിനു സമീപംവരെ സമാന്തരപാലത്തിന്റെ നിർമ്മാണത്തിന് കുറേക്കാലം കൊണ്ടുണ്ടായ സാങ്കേതിക തടസ്സങ്ങൾ ബഹുമാനപ്പെട്ട മെമ്പർക്ക് അറിവുള്ളതാണ്. ഒടുവിൽ എസ്റ്റിമേറ്റു തരാൻ ബോംബെയിലെ Constrama Consultants നെ ഏൽപ്പിച്ചു. 8.4 കോടി രൂപയ്ക്കുള്ള എസ്റ്റിമേറ്റ് 20.1.1999-ൽ അവർ ഏൽപ്പിച്ചു. അതിനിപ്പോൾ ഉടൻ അനുമതി പ്രതീക്ഷിക്കുന്നു. ടെണ്ടർ നടപടികളുമായി ഗവണ്മെന്റ് മുന്നോട്ടുപോവുകയാണ്. അനുമതിയുടെ കടലാസു കിട്ടാൻ നോക്കിനിൽക്കുന്നു. കേന്ദ്രത്തിന്റെ അനുമതിയോടുകൂടിയേ നമുക്ക് ദേശീയപാതയുടെ കാര്യത്തിൽ മുന്നോട്ടുപോകാൻ കഴിയൂ. ഈ ഗവണ്മെന്റ് വന്നതിനുശേഷം മുപ്പത്,

LIBRARY ARCHIVES Kerala Legislative Assembly

മുപ്പത്തിരണ്ടു കോടി രൂപയുടെ വർക്കുകൾക്ക് ഒരു വർഷം സാംഗ്ഷൻ കിട്ടാറുണ്ട്. അത് 50 കോടിരൂപയായി ഉയർത്താൻ കഴിഞ്ഞ 2 വർഷമായി കഴിഞ്ഞിട്ടുണ്ട്. എങ്കിലും അത് വളരെ അപര്യാപ്തമാണ്. കേരളത്തിലെ ദേശീയപാതകളുടെ സ്ഥിതി മറ്റു സംസ്ഥാനങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ ശോചനീയമാണ്. ദേശീയപാതയുടെ നിലവാരത്തിലുള്ള രണ്ടുവരിപ്പാത ഇവിടെ 35 ശതമാനമേയുള്ളൂ. തമിഴ്നാട്ടിൽ ഏതാണ്ട് അത് 90 ശതമാനമായിട്ടുണ്ട്. രണ്ടുവരിപ്പാതയുടെ നിലവാരത്തിലെങ്കിലും ഉയർത്തണമെങ്കിൽ വൻതോതിലുള്ള മുതൽമുടക്ക് ഇനിയും ആവശ്യമാണ്. നമ്മൾ ഇവിടെ നിന്നു മയയ്ക്കുന്ന പ്രൊപ്പോസൽസ് ഓരോ കാരണങ്ങൾ പറഞ്ഞ് തിരിച്ചയയ്ക്കും. ഇത്തരത്തിൽ നീട്ടിക്കൊണ്ടുപോകുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. ഈ വർക്കുകളുടെ കാര്യത്തിൽ കൺസൾട്ടൻസിയുടെ നിർദ്ദേശങ്ങളുമായിട്ട് അയച്ചിരിക്കുകയാണ്. രണ്ടാഴ്ചയ്ക്കൊരിക്കൽ ഇവിടെ നിന്ന് ചീഫ് എൻജിനീയർ അവിടെ പോവുകയും സെക്രട്ടറിയുമായൊക്കെ ചർച്ച ചെയ്തുകൊണ്ടിരിക്കുകയുമാണ്. ഉപരിതല ഗതാഗതവകുപ്പുമന്ത്രിയുമായി ഞാൻ പലവട്ടം ചർച്ച ചെയ്തു. തമിഴ്നാട്ടിൽ അനുവദിച്ചിട്ടുണ്ടെന്നു പറഞ്ഞത് തമിഴ്നാട്ടിലുള്ള മന്ത്രി തമ്പിദുരൈയ്ക്കായിരുന്നു അതിന്റെ ചാർജ്ജ്. അതുകൊണ്ട് കുറെ വർക്കുകൾ അവിടെ സാങ്ഷൻ ചെയ്തുവെന്നുള്ളത് ശരിയാണ്. കേരളത്തോട് ഈ കാര്യത്തിൽ തീർച്ചയായും കുറേക്കൂടി അനുഭാവപൂർവമായ നിലപാട് കേന്ദ്ര ഗവണ്മെന്റ് സ്വീകരിക്കേണ്ടതായിട്ടുണ്ട്. നെടുമ്പാശ്ശേരി വിമാനത്താവളവുമായി ബന്ധപ്പെട്ട് റോഡുകളുടെ നെറ്റ്വർക്കുതന്നെ ഉണ്ടാക്കാൻ സംസ്ഥാന ഗവണ്മെന്റ് മുൻകൈയെടുത്തിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൻ.എച്ച്-17, എൻ.എച്ച്-14 എല്ലാം ബന്ധപ്പെടുത്തി ആ മേഖലയിലെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ്. സേലം എക്സ്പ്രസ് വേയാണ്. എക്സ്പ്രസ് വേയുടെ കണ്ടീഷനൊക്കെ വളരെ വ്യത്യസ്തമാണ്. അതിന്റെ വിശദാംശങ്ങൾ ചർച്ചചെയ്തുകൊണ്ടിരിക്കുന്നതേയുള്ളൂ. ഇവിടെ പറഞ്ഞ പ്രധാനപ്പെട്ട രണ്ടു കാര്യങ്ങളുടേയും അതായത് മാർത്താണ്ഡവർമ്മ പാലത്തിന്റേയും ആലുവ മുതൽ അങ്കമാലി വരെ നാലുവരിപ്പാതയാക്കുന്നതിന്റേയും നടപടികൾ ത്വരിതപ്പെടുത്തുമെന്നറിയിക്കുന്നു.

<u>ശ്രീ. കെ. മുഹമ്മദാലി</u> : മാർത്താണ്ഡവർമ്മ പാലത്തിന്റെ ടെന്റർ നടപടികൾ ആരംഭിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതിന്റെ നിർമ്മാണ കാലഘട്ടവും അവിടത്തെ പ്രശ്നങ്ങളും അങ്ങേയ്ക്ക് അറിയാവുന്നതാണ്. കാരണം ഗതാഗതക്കുരുക്കും പ്രശ്നങ്ങളും ..... താൽക്കാലിക പാലം വേണമെന്നുവരെ അവിടെ ആവശ്യം വന്നിരിക്കുകയാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ ഒരുവർഷംകൊണ്ട് പൂർത്തിയാകുന്ന നിലയിൽ ടെന്റർ നടപടികൾ ആരംഭിക്കുന്ന സമയത്ത് അതിനുള്ള കണ്ടിഷൻവച്ച് ടെന്റർ ചെയ്യാൻ ഗവണ്മെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : പരമാവധി സമയം കുറയ്ക്കാനുള്ള നടപടി സ്വീകരിക്കും.

(2) നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ നിർദ്ദേശാനുസരണം അടച്ചുപൂട്ടാൻ നിർദ്ദേശം നൽകപ്പെട്ട ബി.എഡ്. കോളേജുകളും സെന്ററുകളും

<u>ശ്രീ. ജി. സുധാകരൻ</u> : സർ, കേരളത്തിലെ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയെയാകെ തകർക്കുന്ന ഗുരുതരമായ ഒരു സംഭവവികാസം കേരളത്തിലുണ്ടായിരിക്കുന്നത് ഗവണ്മെന്റിന്റെ ശ്രദ്ധയിലുള്ളതാണെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly